(ബി) കടലോര പ്രദേശങ്ങളിലെ കൈവശക്കാരിൽ കടൽ തീരത്ത് 100 അടിക്കുള്ളിൽ താമസിക്കുന്നവർക്ക് കൈവശരേഖയും. 100 അടിക്ക് പുറത്തുള്ളവർക്ക് പട്ടയവും നൽകുന്നതിന് മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി 94 പേർക്ക് കടലോര പ്രദേശത്ത് പട്ടയം നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പിലെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്ന നടപടി

10 (607) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ റവന്യൂ വകുപ്പിൽ ഓരോ തസ്തികകളിലും എത്ര ജീവനക്കാർ വീതമുണ്ടായിരുന്നുവെന്നും ഇപ്പോൾ എത്ര പേർ വീതമുണ്ടെന്നും വ്യക്തമാക്കുമോ ;

(ബി) റവന്യൂ വകുപ്പിൽ നിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഓരോ തസ്തികയിൽ നിന്നും എത്ര പേരെയാണ് ഇത്തരത്തിൽ മാറ്റം ചെയ്തതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ജീവനക്കാരുടെ കുറവുകാരണം വില്ലേജ് ആഫീസുകളിലെ പ്രവർത്തനം തടസപ്പെടുന്നത് ഒഴിവാക്കാൻ കൂടുതൽ ഉദ്യോഗസ്ഥരെ വില്ലേജ് ആഫീസുകളിൽ നിയമിക്കാൻ എന്തു നടപടി സ്വീകരിക്കും എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) തസ്തികകളുടെ വിശദ വിവരം അനുബന്ധം 1-ലും 2-ലും ചേർത്തിരിക്കുന്നു.*

(ബി & സി) 126 എൽ. ഡി. ക്ലാർക്കുമാരെ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചിട്ടുണ്ട്.

(ഡി) വില്ലേജാഫീസർ തസ്തികയിലേക്ക് 30-4-2003 വരെയുള്ള ഒഴിവുകൾ പ്രൊമോഷൻ വഴി നികത്തിയിട്ടുണ്ട്. വില്ലേജ് അസിസ്റ്റന്റുമാരുടെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ കൈക്കൊണ്ടുവരുന്നു.

പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിന്റെ വിനിയോഗം

11 (608) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തിന് 2001-2002, 2002-2003 വർഷങ്ങളിൽ കേന്ദ്രസഹായമായി എത്ര തുക വീതം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ സംസ്ഥാന സർക്കാർ വിഹിതം എത്രയായിരുന്നു ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly